# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3499 14.03.2017 ൽ മറുപടിയ്ക്ക്

## <u>ജലജ സുരൻ കൊല്ലപ്പെട്ട കേസ്സ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഹരിപ്പാട് നങ്ങ്യാർകുളങ്ങര പാലമൂട് ജംഗ്ഷന് സമീപം ഭാരതിയിൽ വീട്ടിൽ ജലജ സുരൻ എന്ന വീട്ടമ്മ 2015 ആഗസ്റ്റ് 13-ന് കൊല്ലപ്പെട്ട കേസ്സിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണ്; | (എ) കരീലക്കുളങ്ങര പോലീസ് സ്റ്റേഷനിൽ 1204/2015 u/s 449, 302, 392 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്, തുടരന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും CBCID ക്രൈം നമ്പർ 107/CR/HHW-1/TVPM/2015 ആയി റീ-നമ്പർ ചെയ്ത്, കോട്ടയം EOW-II, പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് 09/10/2015 മുതൽ അന്വേഷണം നടത്തിവരുകയും ചെയ്യുന്നു. |
| (ബി) കേസ്സന്വേഷണം സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ടോ; ഇതു സംബന്ധിച്ച് സി.ബി.ഐ.യിൽ നിന്നും എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; | (ബി) സി.ബി.ഐ.യ്ക്ക് അന്വേഷണം ഏറ്റെടുക്കുവാൻ കഴിയില്ലെന്ന് കേന്ദ്ര പേഴ്സണൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. |
| (സി) കേസ്സന്വേഷണം കാര്യക്ഷമമായി നടത്തുന്നതിലും പ്രതികളെ കണ്ടെത്തുന്നതിലും പോലീസിന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായി എന്ന ആരോപണം ശരിയാണോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു? | (സി) കേസന്വേഷണത്തിൽ വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ.